# കവനോദയം



## ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ്
## കെ.ആർ.എച്ച്.എസ്.എസ് .പുറമേരി

UNIT REGISTRATION ID: LK/2018/16032

## സാഭിമാനം....പുതുകാൽവെയ്പ്

**1886 ൽ സ്ഥാപിതമായ കടത്തനാട് രാജാസ് ഹയർ സെക്കന്ററി സ്കൂൾ പാരമ്പര്യത്തിന്റെ കരുത്ത് കൈമുതലാക്കി**

**വിവരസാങ്കേതികവിദ്യയുടെ പുതുലോകത്ത് ചെറുകാൽവെയ്പ്പ് നടത്തുകയാണ്. സ്കൂളിലെ ലിറ്റിൽകൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ  മാഗസിന്റെ താളുകളിലൂടെ കടന്നുപോകാൻ സാദരം ക്ഷണിക്കട്ടെ.കഥകളും ലേഖനങ്ങളും കവിതകളുമാണ് ഉള്ളടക്കം.**

**ഞങ്ങളുടെ സ്കൂളിന്റെ സ്ഥാപകനായ കടത്തനാട് ഉദയവർമ രാജ എന്ന സാഹിത്യകാരൻ  നൂറ്റാണ്ടിന് മുമ്പ് മലബാറിൽ നിന്നും പ്രസിദ്ധീകരിച്ച കവനോദയം മാസികയുടെ പേര് തന്നെ ഞങ്ങളും സ്വീകരിച്ചിരിക്കുന്നു.**


**എഡിറ്റർ**

**കവനോദയം ഡിജിറ്റൽ മാഗസിൻ**



**കഥ**

# ഇണക്കുയിലില്ലാതെ...



എതിരെയുള്ള വായുപ്രവാഹത്തെ തള്ളി മാറ്റി അവൾ ക്ഷണനേരത്തിൽ മുറ്റത്തെത്തി. അന്തിച്ചുവപ്പിന്റ കിരണങ്ങൾ അവളെ തലോടി. സ്വയം അവളൊരു സൂര്യനായി മാറി.പട്ടാളക്കുപ്പാ യമിട്ട ആളുകൾ കൊണ്ടുവരുന്നത് അച്ഛൻ തനിക്കയച്ച സമ്മാനമാണെന്ന് കരുതി തിളങ്ങിയ ആ ചുവപ്പ് പെട്ടന്ന് തന്നെ അസ്തമിച്ചു. അഞ്ചാം വയസ്സിന്റെ തീരത്തേക്ക് ഒഴുകിയെത്തിയ ആൾ പ്രവാഹം, പ്രതീക്ഷകളുടെ ഒറ്റമുറി വീടും, ബാല്യം നിറഞ്ഞ അവളുടെ മനസ്സും നിമി ഷനേരത്തിൽ നിറച്ചു.

അച്ഛനുറങ്ങുകയാണ്, ഉറങ്ങുകയാണ്. കുഞ്ഞു വിരലുകൾ എണ്ണിക്കൊണ്ട് അവൾ മന്ത്രിച്ചുകൊണ്ടിരുന്നു. "പാവ,കുപ്പായം, അപ്പം...”അച്ഛൻ കൊണ്ടുവരാമെന്നേറ്റ സാധനങ്ങൾ അവൾ മനസ്സിൽ എണ്ണിപ്പെറുക്കി.പതാക മൂടിയ കറുത്ത പെട്ടിയിൽ ഇവയ്ക്ക് പകരം അച്ഛനെ കണ്ട അവൾ ഏറെ സന്തോഷിച്ചു.പക്ഷെ...! തന്റെ മുഖത്ത് സന്തോഷവും മറ്റുള്ളവരുടെ മുഖത്ത് സങ്കടവും വീക്ഷിച്ച അവൾക്ക് ഉണ്ടായിരുന്ന മങ്ങിയ നിറവും നഷ്ടമായി.

“നൂറെണ്ണമുണ്ടായിരുന്നു. ബുള്ളറ്റ്"പട്ടാളച്ചേട്ടൻ പറയുന്നത്

അവൾ ശ്രദ്ധിച്ചു. ശരിയാണ്,അവൾ നൂറ് ഉമ്മ നൽകിയാണ് കഴിഞ്ഞവർഷം അച്ഛനെ യാത്രയാക്കിയത്.അടുത്ത തിരുച്ചുവരവിൽ ഇരുന്നൂറു ഉമ്മ തരാം എന്ന് പ്രോമിസ് ചെയ്തിരുന്നു. “ഉമ്മ...ഉമ്മ...ഉമ്മ"ചുറ്റുമുള്ള സഹതാപ കരങ്ങൾ അവളെ അച്ഛനിൽ നിന്നും അകറ്റി. “മൂന്നേ ആയുള്ളൂ....എന്നെ വിട് "അപരിചിതമായ കൈകളെ നോക്കി അവൾ യാചിച്ചു.പക്ഷെ ആ കൈകൾ അമ്മയെന്ന സ്വാതന്ത്ര്യത്തിലേക്ക് പോവാനെ അനുവദിച്ചുള്ളൂ. അമ്മയുടെ തോളിലെ ചൂടുപറ്റിയ അവളുടെ
കൈകളിൽ ചുംബിച്ചുകൊണ്ട് മുത്തച്ഛൻ പറഞ്ഞു "അച്ഛൻ പോയി മോളേ "എങ്ങോട്ട്? എന്നല്ലാതെ എന്തു പറയണമെന്ന് അവൾ
ക്കറിയില്ലായിരുന്നു.ആഴമില്ലാക്കയത്തിൽ മുങ്ങി താണുകൊണ്ടിരിക്കുന്ന അമ്മയുടെ മടിയിൽ സ്ഥാനം പിടിച്ച് അവൾ ചോദിച്ചു. “അച്ഛൻ എവിടെയാ പോയേ...?ഇനി വരില്ലേ?”ആ അമ്മ ഇണയെ നഷ്ടപ്പെട്ട കുയിലിനെ പോലെ തേങ്ങി തേങ്ങി കരഞ്ഞു...! ഒരു നിമിഷം ആ മുഖം ആയിരം സൂര്യനായി തിളങ്ങി. വിരഹക്കടലിൽ താഴ്ന്നിറങ്ങാതെ ഒഴുക്കിനെതിരെ നീന്താൻ തീരുമാനിച്ച സൂര്യനെപോലെ

1. **കവിത** **സാരംഗ് ദിനേശ് 9D**

# പൊഴിയുന്ന ജീവിതം



സൂര്യൻ തിളങ്ങുന്നു മരങ്ങൾ തളിർക്കുന്നു
മഞ്ഞമലരുകൾ വിടരുന്നു സൗന്ദര്യമായ്
സ്നേഹമായ്,ശാന്തമായ്,സൗമ്യമായ്
വിടരുന്ന മഞ്ഞമലരുകൾ ബാക്കിയായ്
വക്കുകൾ പൊട്ടിതകർന്നൊരു
തകരപാത്രം വെറുതെയായി
പേമാരി തോരാതെ തുടിക്കുന്ന നെഞ്ചിൽ
പ്രാണന്റെ വേദന തൊട്ടറിയാതെതുളുമ്പുന്ന വെള്ളം
പൊട്ടിയ വക്കിന്റെ വിടവിലൂടെ സ്നേഹത്തിൻ
ഇല്ലായ്മയിൽ ചോരുന്ന ജീവിതം
മഴ പെയ്തു ചോർന്നത് തീരും പോലെ
പൊട്ടിയ പാത്രംപറയുന്ന
ജീവിത ദാരിദ്ര്യത്തിന്റെ യാതനകൾ
തളരുന്ന തകരുന്ന മരിക്കുന്നജീവിതം
ഒടുവിലെറിയുന്ന പാത്രം പോലെ
ഓളങ്ങൾ താളങ്ങളായി ഒഴുകുന്ന

*കടൽത്തിരമാലയെ നേരിടുമ്പോൾ*
*തളരാതെ പൊഴിയാതെ ഒഴുകുന്നുജീവിതം*
*ഉടഞ്ഞു തകർന്നൊരു പാത്രം പോലെ*

*കവിത*

# വക്ക പൊട്ടിയ പാത്രം

**അടുക്കള കോണിൽ ചരിവിലായ്**
**തേങ്ങി നിൽക്കുന്ന സ്റ്റീൽപാത്രം ഞാൻ**
**തേങ്ങുകയാണു ഞാൻ ഓരോ നിമിഷവും**
**എൻ വിലാപം അറിയുകയില്ലാരും**
**ഇന്നു വന്നു അതിഥിയായി പ്ലേറ്റുകൾ**
**കൂടെ വിരുന്നുകാർ മിക്സിയും മറ്റും**
**മാറ്റി നിർത്തിയെന്നെ ഒരു മൂലയിൽ**
**ആരും കാണാത്ത തട്ടിനടിയിലായ്**
**അവർ മാറ്റി നിർത്തിയെന്നെയിന്ന്**
**വക്കു പൊട്ടിയ പാത്രമെന്നതിനാൽ**
**ഓർത്തതില്ലവർ എൻ പ്രാണവേദന**
**അന്നവരുടെ അന്നം വിളമ്പുവാൻ**
**പാത്രമെന്നും പിടിയും വലിയുമായ്**
**വക്കു പൊട്ടിയാലെന്താ ഈ പാത്രം**
**നല്ലതല്ലെ അന്നം വിളമ്പുവാൻ**
**അന്നവർക്ക് പൊന്നുപോലായിരുന്നു**

ഇന്ന് എന്നെ മറന്നല്ലോ അവർ
ഊണമേശയിൽ എന്റെ സ്ഥാനത്തിന്
മറ്റു പല അതിഥികൾ വന്നെത്തി
ചിത്രമാം മനോഹരമാം പ്ലേറ്റുകൾ
ഒന്നായി നിരത്തി അവർ മേശയിൽ
ഇടയ്ക്കിടെ പറയുകയുണ്ടായവർ
വക്ക പൊട്ടിയ പാത്രം കളഞ്ഞാലൊ
നീറുന്നു എൻ മനസ്സൊന്നായി
വേവലാതിയാൽ നിന്നു ഞാൻ മൂലയിൽ
വക്ക പൊട്ടിയെന്ന കാരണത്താൽ
മാറ്റിനിർത്താൻ നിന്നതെന്തിനവർ
എന്തു കൊണ്ടവർ ഓർക്കുന്നതില്ലയെൻ
പൂർവമഹത്വം ഒന്നൊന്നായി
അന്നു ഞാൻ ഊണമേശയിലെന്നുമുണ്ട്
ഇന്നു ഞാൻ ആ മൂലയിലുമുണ്ട്
പൊടിയും വണ്ണാമ്പിലയും ഒക്കെ
എന്റെ കൂടെ നിൽക്കുകയാണിന്ന്
അടുക്കള കോണിൻ ചരിവിലായ്
തേങ്ങി നിൽക്കുന്ന സ്റ്റീൽ പാത്രം ഞാൻ

ലേഖനം

അഭിരാം ജി.എസ് 9B

# പ്രളയം പഠിപ്പിച്ച പാഠങ്ങൾ



ഈയിടെയാണ് നമ്മുടെ നാട്, നാമെല്ലാം ദൈവത്തിന്റെ സ്വന്തം നാട് എന്ന് കരുതിയ ഈ കേരളത്തെ ഭീതിയിലാഴ്ത്തിക്കൊണ്ട് ഉണ്ടായ പ്രളയം. പണക്കാരൻ, പാവപ്പെട്ടവൻ , നല്ലവൻ, ക്രൂരൻ എന്നിങ്ങനെയുള്ള ഒരു വകഭേതവുമില്ലാതെ എല്ലാം തകർന്നു. ഇത്രയേയുള്ളൂ നമ്മൾ മനുഷ്യരുടെ കഥ. യുഗയുഗാന്തരങ്ങളായുള്ള പരിശ്രമത്തിനൊടുവിൽ നാം കെട്ടിപ്പടുത്ത ഈ വേഗതയുടെ ലോകം ഒരൊറ്റ തവണ

പ്രളയം വന്നപ്പോൾ ഇല്ലാതായി. 1924 ലെ പ്രളയം കേരളത്തെ തകർത്ത ശേഷം മറ്റൊരു മഹാപ്രളയം. ഗർഭിണികളും നവജാതശിശുക്കളും മുതൽ വൃദ്ധരായ രോഗികൾ വരെ ഇതിന്റെ ഇരകളായി.

ഹെലികോപ്റ്ററുകളും തോണികളും രക്ഷിക്കാൻ എത്തി . രക്ഷിക്കപ്പെട്ടവരെല്ലാം ഉയർന്ന സ്ഥലങ്ങളിലെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറി. ഈ പ്രളയം നമ്മെ വളരെയധികം പഠിപ്പിച്ചു. പ്രളയത്തിനു ശേഷം ഹിന്ദു, ക്രിസ്ത്യാനി, മുസൽമാൻ, പണക്കാരൻ, പാവപ്പെട്ടവൻ, എന്നിങ്ങനെയുള്ള വേർതിരിവുകളും മറന്ന് ഒരുമയോടെയും സ്നേഹത്തോടെയും കഴിഞ്ഞു. സ്വന്തം വീടുകളിലേക്ക് മാറിപ്പോയപ്പോൾ അവർ തങ്ങളുടെ കൂടെ ദുഃഖം പങ്കിട്ടവരെ മറന്നില്ല. പാവപ്പെട്ട വീട് നഷ്ടപ്പെട്ട അയൽക്കാരെ സ്വന്തം വീട്ടിൽ താമസിപ്പിച്ച് മാതൃകയാവുക വരെ ചെയ്തു.

മനുഷ്യർ ഇങ്ങനെയാണ്. നന്നാവില്ലെന്ന് പറയാൻ കഴിയില്ല. ഒരു പ്രശ്നത്തെ ഒറ്റക്കെട്ടായി നിന്ന് നേരിടാൻ മനുഷ്യർക്ക് അറിയാം. അതാണ് നാം ഈ അടുത്ത് കണ്ടത്. ഒരേ പായയിൽ കിടന്നും ഒരേ പാത്രത്തിൽ നിന്ന് കഴിച്ചും മനുഷ്യർ ആ ദുരിതം നിറഞ്ഞ ദിനങ്ങൾ ജീവിച്ച് തീർത്തു ഒരർഥത്തിൽ പറഞ്ഞാൽ പ്രളയം ഒരോർമ്മപ്പെടുത്തലാണ്. അതേ സമയം

**ഒരു ഗുരുവുമാണ്. മതമെന്നൊന്നില്ല. അത് വെറുമൊരു വിശ്വാസമാണ്. നാമെല്ലാം ഭൂമിയിലെ ജീവികളാണെന്ന തിരിച്ചറിവ് പ്രളയം നമുക്ക് തന്നു.**

**നമ്മുടെ മാതാവിനെ നാം ഒരിക്കലും വേദനിപ്പിക്കില്ല. അങ്ങനെയുള്ളവർ ഉണ്ടെങ്കിലും പ്രകൃതി മനുഷ്യരുടെ മാത്രമല്ല, ഈ ഭൂമിയിൽ ഉള്ളതിന്റെയെല്ലാം മാതാവാണ്. കുറെ കാലമായി നാം പ്രകൃതിയെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇത്രയും കാലമായി ചെയ്തുകൊണ്ടിരിക്കുന്നതിന് പ്രകൃത് ഒരുമറുപടിതരും എന്നാൽ ആ മറുപടികൾ നമുക്ക് താങ്ങാവുന്നതിനും അപ്പുറമാണ്. എന്നാലും നാം പ്രകൃതിയോട് ചെയ്യുന്ന ദ്രോഹങ്ങളുടെ അത്രയും വരില്ല. പ്രളയം ഒരോർ മ്മപ്പെടുത്തലാണ്. പ്രകൃതി നൽകുന്ന ഒരു മുന്നറിയിപ്പ് . ഈ ദു ഷ്ചെയ്തികൾ നിർത്തി എല്ലാവരേയും നമുക്ക് സ്നേഹിക്കാം. ഇനിയുള്ള ജീവിതം മനുഷ്യർക്ക് നന്നാവാനുള്ള ഒരവസരമാണ്. എല്ലാവരേയും നന്നാക്കാൻ ആകില്ല. എങ്കിലും കള്ളവും ചതിയുമില്ലാത്ത സത്യവും സ്നേഹവും നിറഞ്ഞ ലോകം നമുക്ക് ലഭിക്കണമെന്ന് പ്രത്യാശിക്കാം.**

<u>ലേഖനം</u>

# പ്രകൃതിയെ മറക്കാതിരിക്കാം



*കഴിഞ്ഞ ആഗസ്റ്റിൽ നാം മനുഷ്യർചെയ്ത ക്രൂരതകൾക്കു തിരിച്ചടിയായി പ്രകൃതി നമ്മുക്കൊരുസമ്മാനം തന്നു ആ സമ്മാനത്തിൽ തിരിച്ചുകിട്ടാത്ത നൂറിലേറെ പേരുടെ ജീവൻ നഷ്ടമായി. പ്രളയം എന്ന ജലസമ്മാനം നമ്മുക്കൊരു പാഠമാണ്ഇനി എന്നും എപ്പോഴുംതീരാനഷ്ടം ആ പ്രകൃതി ദുരന്തത്തിനിര യായ കേരളത്തെ ഇനി പഴയ കേരളത്തിലേക്ക് തിരികെ കൊണ്ടു വരാൻ നമ്മുക്ക് സാധിക്കുകയില്ല. കാരണം ഈ പ്രകൃതിദുരന്തത്തിൽ കേരളത്തിന് നഷ്ടം വന്നത് 10000 കോടിയാണ്.അത് മുഴുവനായ് തിരിച്ചു കൊണ്ടു വരാൻ സാധിച്ചില്ലെങ്കിലും ഒരു പുതിയ കേരളത്തെ നമ്മുക്ക് സൃഷ്ടിച്ചേ മതിയാവൂ.*

*ഈ പ്രളയത്തിലൂടെയെങ്കിലും നാം പ്രകൃതിയോടു ചെയ്ത ക്രൂരതകൾനാം തിരിച്ചറിയണം. കുന്നിടിക്കലും വനനശീകരണവും വയൽ നികത്തലുമെല്ലാം നാം ചെയ്തത് എത്ര വലിയ ക്രൂരതകളാണ്.ഇന്ന് നമ്മുക്ക് എല്ലാവർക്കും വേണ്ടത് വലിയ കൊട്ടാരങ്ങളാണ്.ഇങ്ങനെ കുത്തനെ നിർമ്മിച്ച ഫ്ലാറ്റുകളാണ് പ്രളയം കൊണ്ടു വന്നത്.കേരളത്തിൽ മുഴുവനായ് ഇതാദ്യമായാണ് പ്രളയം വരുന്നത്.ഇന്ന്*

*എവിടെയാണ് കുന്നുകളും മലകളും ഉള്ളത് ?കുന്നോ മലയോ ഉണ്ടായിരുന്നെങ്കിൽ അവ വെള്ളത്തെ തടഞ്ഞു നിർത്തി പ്രളയത്തെ തടയുമായിരുന്നു.അതുകൊണ്ടു തന്നെ നാം തന്നെയാണ് ഈ പ്രകൃതി ദുരന്തത്തിന് കാരണം.ഈ കേരളത്തിനെ വിറപ്പിച്ച പ്രളയത്തിലൂടെയും നാം പ്രകൃതിയോടുള്ള ക്രൂരതകൾ തുടർന്നാൽ നമ്മുടെ മരണം സുനിശ്ചിതമാണ്.*

*കുന്നുകളും മലകളും വയലുകളും നശിപ്പിച്ച് എത്ര വലിയ കെട്ടിടങ്ങളാണ് നാം നിർമ്മിച്ചിരിക്കുന്നത്.അവ നിർമ്മിക്കുമ്പോൾ നാം ഒരു കാര്യം ഓർക്കണമായിരുന്നു.ഇതെല്ലാം പ്രകൃതി നമ്മുക്ക് ഭൂകമ്പത്തിലൂടെയോ മറ്റ് പ്രകൃതിദുരന്തത്തിലൂടെയോ തിരിച്ചു തരും എന്ന്.ഈ പ്രളയത്തിലൂടെ നാം ഓരോരുത്തരുംഅത് പഠിച്ചു.ഇനി ഇതു പോലുള്ള പ്രകൃതിക്ഷോഭങ്ങൾ വരാതിരിക്കാൻ നാം തന്നെ വിചാരിക്കണം.പ്രകൃതിയിൽ ധാരാളം ജീവികൾ ഉണ്ടെങ്കിലും അതിൽ മനുഷ്യൻ മാത്രമാണ് പ്രകൃതിയെ ചൂഷണം ചെയ്യുന്നത്.പക്ഷേ പ്രകൃതി തരുന്ന ദുരന്തങ്ങൾ നേരിടേണ്ടി വരുന്നത് എല്ലാ ജീവികൾക്കുമാണ്.*

*ഇനിയൊരു അവസ്ഥ ഉണ്ടാവാതിരിക്കാൻ നമുക്ക് ഈ പാഠങ്ങൾ ഓർത്തുവയ്ക്കാം.പ്രകൃതി നമ്മുടെ ദൈവമാണ് വരമാണ്.ഇനി നമുക്കൊരുമിച്ച് കൈകോർക്കാം.*

കഥ

# അണയാത്ത അഗ്നി

അന്നത്തെ സന്ധ്യയുടെ രൂപം വല്ലാതെ വ്യത്യസ്തമായിരുന്നു. സൂര്യൻ ശിവതാണ്ഡവമാടി മറഞ്ഞു. ദിശതെറ്റിവന്ന ആ കാറ്റിൽ എന്തൊക്കയോ മാറി മറയുന്നുണ്ടായിരുന്നു. ആ കാറ്റ് അവളോട് എന്തൊക്കെയോ പറയാൻ ശ്രമിക്കുന്നുണ്ടായിരുന്നു. ഒരു പക്ഷെ! കാറ്റിന്റെ സ്വരങ്ങൾ അവളെ രക്ഷിക്കാൻ ശ്രമിച്ചതാവാം . ആ നിശ്ശബ്ദതയിൽ എന്തൊക്കെയോ ഒളിച്ചിരുന്നു. അവൾ എന്തിനാവും അന്ന് അവിടെ എത്തിയത്.എല്ലാം വിധിയുടെ വിളയാട്ടം.അന്നായിരുന്നു അവളുടെ ജീവിതം മാറിമറഞ്ഞത്.

അവൾ ആ നാടിന് ആരൊക്കെയോ ആയിരുന്നു. അവൾ അവിടെ ഒരു പൂമ്പാറ്റയെ പോലെ പാറി നടക്കുമായിരുന്നു.പൂക്കളിൽ നിന്നും പൂക്കളിലേക്ക്. പിതാവിന്റെ മരണം അവളുടെ അമ്മയെ തളർത്തി. അന്ന് അവൾക്ക് അഞ്ച് വയസ്സാണ് പ്രായം മറ്റു ബന്ധുബലമില്ലാത്ത അവർക്ക് പട്ടിണി ഒരു വിഷയമല്ലായിരുന്നു. അയൽവാസികളുടെ കൃപയാൽ അവർ ജീവിച്ചുപോന്നു.

**ജീവിതമാവുന്ന നഗരത്തിൽ അവളുടെ പതിനാലാം വയസ്സിലായിരുന്നു കാറ്റ് ദിശതെറ്റി വീശിയത്. അന്ന് ആ ലഹരിക്ക് അടിമകളായ കാപാലികന്മാർ അവളെ പൈശാചികമായി വലിച്ചു കീറിയത്. അവളുടെ**

**നിലവിളി വാനോളം ഉയർന്നു. ആ നിലവിളിയിൽ മൂന്ന് ലോകവും നടുങ്ങി. ദേവന്മാരും അസുരന്മാരും നടുങ്ങി. പക്ഷെ! മൊബൈലിനുള്ളിൽ ഒതുങ്ങിയ ജനം അറിഞ്ഞതേയില്ല. ഒരു പക്ഷെ ...... അറിഞ്ഞിട്ടും അറിഞ്ഞ ഭാവം നടിച്ചില്ല. ഇത് അധപതനത്തിന്റെ അവസാന പടിയാണ്. സ്ത്രീ എന്നാൽ ബലഹീനയാണെന്ന ചിന്ത ആ കാപാലികരിൽ അവളെ നിഷ്ഠൂരമായി ബലാത്കാരം ചെയ്യാൻ പ്രേരിപ്പിച്ചു. അവളുടെ പ്രായം പോലും പരിഗണിക്കാതെ......! ലോകം അധ പതനത്തിന്റെ നാഴികക്കല്ല് കണ്ടിരിക്കുന്നു. അവളാകുന്ന പൂവിനെ അവർ ആസ്വദിക്കുകയല്ല ചെയ്തത്. ആ പൂവിന്റെ തേൻ നുകരാനാണ് ശ്രമിച്ചത്. മരണമുഖത്തെത്തിയ അവളെ റോഡരികിൽ ഉപേക്ഷിച്ചു. അതിലെ പലരും കടന്നുപോയി. സ്വാർഥരായ അവർ അവളെ കണ്ട ഭാവം നടിച്ചില്ല.**

**ജീവന്റെ ഒരംശം നിലനിൽക്കുന്ന അവളെ ഒരു പറ്റം ജനങ്ങൾ ആശുപത്രിയിൽ എത്തിച്ചു. പിന്നീട് അവളുടെ കണ്ണുകളിൽ**

**പ്രതികാരത്തിന്റെ അഗ്നി ജ്വലിച്ചു. അവൾ ജീവിതമാകുന്ന ഒഴുക്കിനെതിരെ നീന്താൻ ശ്രമിച്ചെങ്കിലും അവൾക്ക് കരകാണാനായില്ല. പണവും സ്വാധീനവും നീതയുടെയും നീതി പീഠത്തിന്റെയും വായടപ്പിച്ചു. ആ ഒഴുക്കിൽ അവൾ തളർന്നില്ല. കരകാണാനായി നീന്തേണ്ടിയിരുന്നു.**

**അവളുടെ നിലവിളികേൾക്കാത്ത ജനം അവളെ പഴിചാരി. കുറ്റം അവളുടേതാണത്രേ! ലോകം അവളെ നിഷ്ഠൂരമാം വിധം നോക്കി. ആ നോട്ടം അവളുടെ കണ്ണിലെ അഗ്നിയെ ഇല്ലാതാക്കാനായി ശ്രമിച്ചുകൊണ്ടിരുന്നു. എങ്ങും കുറ്റപ്പെടുത്തലുകൾ മാത്രം. അവൾ തളർന്നില്ല. അവൾ ആ ഒഴുക്കിൽ ഏകയായി ദിശയറിയാതെ നീന്തികൊണ്ടേയിരുന്നു. അവളുടെ മനം ചഞ്ചലമായില്ല. പക്ഷെ ! കാറ്റുപോലും അവളെ സ്പർശിക്കാൻ അറച്ചു.**

**തനിക്ക് നീതി നിഷേധിച്ച നീതിപീഠത്തെ അവൾ വെറുത്തില്ല. പകരം നീതി പഠിച്ചു. നാടും നാട്ടുകാരേയും വെറുത്ത അവൾ അവരുടെ വായടപ്പിച്ചു. അവരുടെ നിഷ്ഠൂരമായ നോട്ടം അവളെ ആളിക്കത്താൻ സഹായിച്ചു.**

**ഇന്ന് ലോകം ബഹുമാനിക്കുന്ന നാടിനഭിമാനമായി അവൾ മാറി. ആ ഒഴുക്കിനെതിരെ നീന്തി ഒടുവിൽ അവൾ**

**കരകണ്ടു. അവളുടെ വാശി വിജയമായി മാറി. ഇന്നവളൊരു ഐ.പി.എസ് ഓഫീസറായി മാറി.**

**അവളുടെ ജീവിതം അവളെ പഠിപ്പിച്ചു. "തളർന്നാൽ എവിടെയും എത്താൻ കഴിയില്ല, വിജയിക്കാൻ പരാജയപ്പെടാതിരിക്കണം എന്ന പാഠം " ഒഴുക്കിനെതിരെ കരകാണാനായി അവൾ നീന്തിയത് വിഫലമായില്ല.**